# പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 326 — 30.11.2015-ൽ മറുപടിയ്ക്ക്

## ഹരിതശ്രീ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ. വി.റ്റി. ബൽറാം<br>ശ്രീ.സെൽവരാജ്<br>ശ്രീ.പി.എ.മാധവൻ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പ മന്ത്രി) |
| എ) സംസ്ഥാനത്ത് ഹരിതശ്രീ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ: | എ) സംസ്ഥാനത്ത് ഹരിതശ്രീ പദ്ധതി 2014 - 15 വർഷത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. |
| ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | ബി) 2014 - 15 - ലെ ലോകപരിസ്ഥിതി ദിനമായ ജൂൺ 5 - ന് രാവിലെ 10.30 - നും 11.30 - നും ഇടയ്ക്കുള്ള ഒരു മണിക്കൂർ ഹരിതസമയത്ത് 10 ലക്ഷം വൃക്ഷതൈകൾ സംസ്ഥാനത്തൊട്ടാകെ നടുന്നതിനും, ടി തൈകൾ നഷ്ടപ്പെട്ടുപോകാതെ തുടർച്ചയായി പരിപാലിക്കുന്നതിന് അതാത് സംഘടനകൾ, സ്ഥാപനങ്ങൾ, വ്യക്തികൾ എന്നിവയെ ചുമതലപ്പെടുത്തുന്നതിനും അതുവഴി ടി തൈകളെല്ലാം വൃക്ഷമായി മാറി സംസ്ഥാനത്തെ പരിസ്ഥിതിയെ പരിപോഷിപ്പിക്കുവാനും ലക്ഷ്യമിട്ടുള്ളതായിരുന്നു ടി പദ്ധതി. പരിസ്ഥിതി പ രിപോഷണം ഉറപ്പുവരുത്തുക എന്നത് കൂടാതെ വിദ്യാർത്ഥികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ -അർദ്ധ സർക്കാർ, കേന്ദ്ര സർക്കാർ, പൊതുമേഖല, മതസ്ഥാപനങ്ങൾ, രാഷ്ട്രീയ പാർട്ടികൾ, യുവജന സംഘടനകൾ, വനസംരക്ഷണ സമിതികൾ, |

ഇക്കോഡവലപ്പ്മെന്റ് കമ്മറ്റികൾ, സന്നദ്ധ സംഘടനകൾ തുടങ്ങി സമൂഹത്തിലെ നാനാതുറയിലുള്ള പൗരന്മാരുടെ പങ്കാളിത്തവും യത്നവും ഇപ്രകാരമുള്ള പരിസ്ഥിതി പരിപാലന പദ്ധതികളിൽ ഉറപ്പുവരുത്തുവാനും ഈ പദ്ധതി മുഖേന ലക്ഷ്യമിട്ടിരുന്നു.

| | |
|---|---|
| സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം? | 2014 ജൂൺ 5 പരിസ്ഥിതി ദിനത്തിൽ രാവിലെ 10.30-നും 11.30-നും ഇടയ്ക്കുള്ള ഒരു മണിക്കൂർ ഹരിത സമയത്ത് സമൂഹത്തിലെ നാനാതുറയിലുള്ള പൗരന്മാരുടെ പങ്കാളിത്തത്തോടുകൂടി സംസ്ഥാനത്തൊട്ടാകെ 10 ലക്ഷം വൃക്ഷതൈകൾ നട്ടുപിടിപ്പിക്കുകയും, തുടർന്ന് അവയെ പരിപാലിച്ച് വളർത്തിയെടുക്കുവാനുമാണ് ലക്ഷ്യമിട്ടിരുന്നത്. ഇക്കാര്യത്തിൽ വേണ്ട തുടർനടപടികളെടുത്തതിനെത്തുടർന്ന്, അന്നേ ദിവസം ടി ഹരിതസമയത്ത് 19.55 ലക്ഷം തൈകൾ നട്ടുപിടിപ്പിച്ചു. 2015-16 വർഷത്തിൽ ഹരിതശ്രീ പദ്ധതി നടപ്പിലാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ